# ചേനക്കാര്യങ്ങൾ

'അടി തളിക
നടു വടി
മേൽ കുട'

'അടിയിൽ വട്ടക്കിണ്ണം
മേലേ പച്ചപ്പന്തൽ'

**ചേ**നയെക്കുറിച്ചുള്ള രണ്ടു കടംകഥകളാണ് മുകളിലെഴുതിയത്. 'കുംഭച്ചേന കുടത്തോളം' എന്നാണ് ചേനയുടെ കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ല്.

കേരളത്തിൽ മിക്കവാറും കൃഷിപ്പണികൾ ആരംഭിക്കുന്നത് വിഷു കഴിഞ്ഞാണ്. അപ്പോഴേയ്ക്കും ഒന്നുരണ്ട് ഇടമഴയെങ്കിലും കിട്ടിയിരിക്കും. പക്ഷേ, ചേന നടാൻ ഏറ്റവും നല്ലസമയം കുംഭമാസമാണെന്നാണ് പ്രമാണം. കുംഭമാസത്തിലെ വെളുത്തവാവു വരുന്ന രാത്രിയുടെ തൊട്ടുമുമ്പുള്ള സന്ധ്യാസമയമാണ് ചേന നടാൻ ഏറ്റവും നല്ല മുഹൂർത്തമായി കണക്കാക്കി വരുന്നത്. (ഈ വർഷം മാർച്ച് ഒന്ന് സന്ധ്യയ്ക്കാണ് ആ സമയം) അങ്ങിനെ നട്ടാൽ ആ പൂർണചന്ദ്രന്റെയത്ര വലിപ്പം പറിച്ചെടുക്കുന്ന ചേനയ്ക്കും ഉണ്ടാകുമത്രേ.

വട്ടത്തിൽ കുഴിയെടുത്ത് ചേന നടണം. പാകമായി പറിച്ചെടുക്കുന്ന ചേനയെ നാലായി മുറിച്ച് മുറിഞ്ഞ വശങ്ങളിൽ വെണ്ണീർ പുരട്ടി, വെയിലത്തുവച്ച് ഉണക്കിയെടുത്തുവയ്ക്കുന്നതാണ് നടാനുപയോഗിക്കുക. ചേന നട്ടശേഷം ഉണങ്ങിയ ചാണകപ്പൊടിയും ഉണക്കയിലകളും ഇടണം. അതിനുമീതെ തോല് (പച്ചച്ചവറ്) വെട്ടിയിട്ട് അതിനുമേലെ മണ്ണിട്ട് കുഴിമൂടും.

കുംഭം മുതൽ വർഷക്കാലം (ഇടവപ്പാതി) തുടങ്ങുന്നതുവരെയുള്ള സമയത്തെ കൊടുംചൂടിനെ അതിജീവിക്കാൻ ഈ ഇലകളും ചവറും സഹായിക്കുന്നു. മഴക്കാലം തുടങ്ങിക്കഴിഞ്ഞാലേ മുള ശരിക്കും മണ്ണിനു പുറത്തുവന്ന് ഇല കുടപോലെ വിരിയൂ. അങ്ങനെ ഇല വിരിയാറാവുന്നതു വരെയുള്ള സമയം മുഴുവൻ ചേന അതിന്റെ വേരുകളിറക്കാനാണ് ഉപയോഗപ്പെടുത്തുക. അതായത് കുംഭത്തിൽ നട്ടാൽ മഴവന്ന് ഇലക്കുട വിടർത്തുന്നതിനു മുമ്പുതന്നെ ചേനയുടെ വേരുകൾ നന്നായി മണ്ണിലിറങ്ങിയിരിക്കും. മഴ വന്നിട്ടാണ് ചേന നടുന്നതെങ്കിൽ മുകളിലേക്കുള്ള വളർച്ചയും അടിയിലേക്കുള്ള വളർച്ചയും ഒരുമിച്ചു നടക്കുന്നതിനാൽ ചേനയ്ക്ക് അത്ര വലിപ്പം വയ്ക്കാനാവില്ല. കുംഭച്ചേന കുടത്തോളമാവാൻ കാരണം മനസിലായല്ലോ.

കുംഭത്തിൽ നട്ട ചേന തുലാം അവസാനമാകുമ്പോഴേയ്ക്കും തണ്ടുപഴുത്ത് വിളവെടുപ്പിന് പാകമാകും. വൃശ്ചിക മാസമാകുമ്പോഴേയ്ക്കും ചേന പറിച്ചെടുക്കാം.

ഏറ്റവും കുറവ് പരിചരണം മാത്രം ആവശ്യപ്പെടുന്ന ഒരു കാർഷിക വിളയാണ് ചേന. നട്ടിട്ട് പോന്നുകഴിഞ്ഞാൽ പിന്നെ പറിക്കാറാവുമ്പോൾ ചെന്നാലും മതി- നഷ്ടം സംഭവിച്ചിരിക്കില്ല. 'ഒരു ദിവസം ചേനയ്ക്കായി മെനക്കെട്ടാൽ ഒരു കൊല്ലം ചേന തിന്നാം' 'ഒരു കൊല്ലം വാഴയ്ക്കായി മെനക്കെട്ടാൽ ഒരു ദിവസം പഴം തിന്നാം' എന്ന ചൊല്ല് ചേനപ്പണിയുടെ അനായാസതയേയും വാഴകൃഷിയുടെ ബുദ്ധിമുട്ടുകളേയും താരതമ്യപ്പെടുത്തുന്ന ഒന്നാണ്. അത്ര ലഘുവായ ഒരു കാര്യംപോലും ചെയ്യാൻ തുനിയാത്തവരെ ഉദ്ദേശിച്ചാണ് 'ചേന നടാത്തവൻ കള്ളൻ' എന്ന ചൊല്ലുണ്ടായത്. ചേനയെപ്പോലെ തന്നെ നമുക്കു ചൊറിച്ചിലുണ്ടാക്കുന്ന കൂട്ടമാണ് 'ആനക്കാര്യത്തിനിടയിൽ ചേനക്കാര്യം' പറയാൻ വരുന്നവർ.

**ലക്ഷ്മിക്കുട്ടിയമ്മ**

## കേരളീയത്തിനെഴുതുക

സാധാരണക്കാരുടെ വികാരങ്ങൾ പ്രകടിപ്പിക്കുന്ന എഴുത്തുകൾ പ്രോത്സാഹിപ്പിക്കുന്ന 'കേരളീയ'ത്തിലേക്ക് മടികൂടാതെ ആർക്കും തുറന്നെഴുതാം. കത്തുകൾ / അഭിപ്രായങ്ങൾ / പ്രതികരണങ്ങൾ / പരാതികൾ - പ്രശ്നങ്ങൾ / സമകാലിക വാർത്തകൾ, വാർത്താ വിശകലനങ്ങൾ, അനുഭവങ്ങൾ, തമാശകൾ, ചിത്രങ്ങൾ - വരച്ചതും ഫോട്ടോകളും, കുടുംബപാചകം, നാട്ടറിവുകൾ, കാർട്ടൂണുകൾ, ലേഖനങ്ങൾ തുടങ്ങി എന്തുമയയ്ക്കാം. പത്രപ്രവർത്തന പരിചയമൊന്നുമാവശ്യമില്ല. ലളിതമായെഴുതുക. അധികം നീണ്ടതാവരുത്.

വിലാസം: കേരളീയം, പി.ബി. നമ്പർ 100, തൃശൂർ - 680 001.

പ്രത്യേകം ശ്രദ്ധിക്കുക: ഓരോ മാസവും 22-ാം തിയ്യതിക്കകം കിട്ടാൻ പാകത്തിൽ എല്ലാ മാറ്ററുകളും അയയ്ക്കുക.

(പ്രസിദ്ധീകരിക്കാത്തവ തിരിച്ചുകിട്ടണമെന്നുള്ളവർ മതിയായ സ്റ്റാമ്പ യയ്ക്കുക)

-മാനേജിംഗ് എഡിറ്റർ